"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പാലാ നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീ. റ്റി.കെ..ജോർജ്ജിന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.297/2021/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 04/02/2021

---

പരാമർശം:- 1 നഗരകാര്യ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ 17.12.2020 തിയതിയിലെ ഇ7-18192/2020(1) നമ്പർ ഉത്തരവ്.

2 നഗരകാര്യഡയറക്ടറുടെ 17.12.2020 തിയതിയിലെ ഇ7-18192/20 നമ്പർ കത്ത്

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ തസ്തികയിൽ 26.07.1989 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. റ്റി.കെ..ജോർജ്ജ്, ടി തസ്തികയിലെ നിരീക്ഷണകാലയളവ് 26.07.1991 തീയതിയിൽ പൂർത്തിയായിരുന്നു വെങ്കിലും നിരീക്ഷണകാലയളവ് വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി. പരീക്ഷ വിജയിച്ചിട്ടില്ലാത്തതാണെന്നും 18.12.1955 ജനനത്തീയതിയുള്ള ശ്രീ. റ്റി.കെ..ജോർജ്ജ്- ന് 18.12.2005ൽ 50 വയസ്സ് പൂർത്തിയായതിനെത്തുടർന്ന് ടിയാന്റെ പ്രൊബേഷൻ കാലയളവ് എൽഡിക്ലർക്ക് തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയാകുന്നതിനു തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (26.07.1992വരെ) ദീർഘിപ്പിച്ചു നൽകിയിട്ടുള്ളതാണ് എന്നും ആയതിനാൽ ടിയാന്റെ പ്രൊബേഷൻ 19.12.2005 ന് പ്രഖ്യാപിക്കുവാൻ സാധിക്കത്തക്ക തരത്തിൽ പ്രൊബേഷൻ കാലയളവ് 20.12.2005 വരെ ദീർഘിപ്പിക്കണമെന്നും നഗരകാര്യ ഡയറക്ടർ പരാമർശം 2 പ്രകാരം അപേക്ഷിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 26.07.1989ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.റ്റി.കെ.ജോർജ്ജ് 18.12.2005 തീയതിയിൽ 50 വയസ്സ് പൂർത്തിയാക്കിയിട്ടുള്ളതിനാൽ, കെ.എസ്&എസ്.എസ്.ആർ 1958 ഭാഗം 2 ചട്ടം 13 ബി 4-ാമത്തെ പ്രൊവിസോ പ്രകാരം നിർബന്ധിത വകുപ്പുതല പരീക്ഷകളിൽ (obligatory test) നിന്നും സ്ഥിരമായി ഒഴിവാക്കി, ടിയാന് 50 വയസ്സ് പൂർത്തിയായിട്ടുള്ള 18.12.2005 പൂർവ്വാഹ്നത്തിൽ ടിയാന്റെ, എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിലെ പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കുവാൻ സാധിക്കുമാറ് നിരീക്ഷണകാലം നിയമനാധികാരി ദീർഘിപ്പിച്ചു നൽകിയ തീയതി അവസാനിച്ച 27.07.1992 പൂർവാഹ്നം മുതൽ പ്രൊബേഷൻ പ്രഖ്യാപിക്കേണ്ടതിന് തൊട്ടടുത്ത ദിവസമായ 19.12.2005 അപരാഹ്നം വരെ KS&SSRs, Part II

ചട്ടം 21 പ്രകാരം ദീർഘിപ്പിച്ച ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
JAISY PAUL
**അണ്ടർ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. റ്റി.കെ.ജോർജ്ജ്, എൽ.ഡി.ക്ലർക്ക്/ബിൽകളക്ടർ, പാലാ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പാലാ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ